**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6532 — 08.11.2016 ൽ മറുപടിക്ക്

**ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിൽ അനുവദിച്ച ട്രോമാ കെയർ യൂണിറ്റിന് പുതിയ കെട്ടിട ബ്ലോക്കും കൊരട്ടി ഗാന്ധി നഗർ ത്വഗ്രോഗാശുപത്രിയിലെ ചിതറിക്കിടക്കുന്ന കെട്ടിടങ്ങളെ ഒരു കെട്ടിട സമുച്ചയത്തിനു കീഴിലാക്കുന്നതിനായി പുതിയ കെട്ടിടവും നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റുകളും സഹിതമുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | കേരള റോഡ് സേഫ്റ്റി അതോറിട്ടി വിവിധ ട്രോമാകെയർ യൂണിറ്റുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുകയിൽ ബാക്കിയുണ്ടായിരുന്ന തുക ഉപയോഗിച്ച് ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റിന് പുതിയ കെട്ടിടം പണിയുന്നതിന് 2,66,00,000/- (രണ്ട് കോടി അറുപത്തി ആറ് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നുവെങ്കിലും 13.01.2016-ലെ സ.ഉ.(എം.എസ്) 149/16/ആ.കു.വ എന്ന ഉത്തരവു പ്രകാരം ട്രോമാകെയർ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയിൽ ബാക്കിയുണ്ടായിരുന്ന 2,25,86,701/- (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുനൂറ്റി ഒന്ന്) രൂപ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിലേയ്ക്ക് ട്രഷറി ചെക്ക് നം.SB/PC 5632273, SB/PC 5632274) പ്രകാരം തിരിച്ചടക്കുകയുണ്ടായി. ടി ഇനത്തിൽ ഇനി തുകയൊന്നും അവശേഷിക്കുന്നില്ല. കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറി കിടക്കുന്ന കെട്ടിടങ്ങളെ ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ